# സബ്മിഷൻ

## ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി

ശ്രീ. റോജി. എം. ജോൺ: സർ, നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് നിയമസഹായം കുറഞ്ഞ ചെലവിൽ ലഭിക്കണമെന്ന ലക്ഷ്യം വച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് പല കോടതികളും സ്ഥാപിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി എന്റെ നിയോജകമണ്ഡലത്തിലെ അങ്കമാലിയിലും കാലടിയിലും രണ്ട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ 2014-ൽ സ്ഥാപിക്കുകയുണ്ടായി. എന്നാൽ ഈ കോടതികൾ ഇപ്പോൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത്തരം വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോടതികൾ സ്വന്തമായി കെട്ടിടമുള്ള സ്ഥലങ്ങളിലേയ്ക്ക് നീക്കുവാനായുള്ള ഒരു ശ്രമം നടക്കുന്നുണ്ട്. കാരണം വളരെ ഭീമമായ തുകയാണ് വാടകയിനത്തിൽ സർക്കാർ ഓരോ മാസവും കൊടുത്തുകൊണ്ടിരിക്കുന്നത്. ഒരുവശത്ത് വളരെ ഭീമമായ തുക കോടതിയുടെ വാടകകയ്ക്കുവേണ്ടി കൊടുത്തുകൊണ്ടിരിക്കുമ്പോൾ മറുവശത്ത് ഭരണരംഗത്തെ പരിഷ്കാരത്തെയും എഫിഷ്യൻസിയെക്കുറിച്ചുമാണ് നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ന് രാവിലെയും അതിനെക്കുറിച്ച് ചർച്ച ചെയ്തതാണ്.

ഒരു വശത്ത് ഇങ്ങനെ ഭീമമായ തുക സർക്കാർ കൊടുത്തുകൊണ്ടിരിക്കുമ്പോൾ മറുവശത്ത് ഈ കോടതിയുടെ തൊട്ടടുത്ത് ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ഒരു കെട്ടിടം വളരെ വർഷങ്ങളായി ഉപയോഗശൂന്യമായി കിടന്ന് നശിക്കുന്ന അവസ്ഥയിൽ നിലനിൽക്കുകയാണ്. ഞാൻ ഇത് സൂചിപ്പിച്ചുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിക്ക് കുറച്ച് മാസങ്ങൾക്കുമുമ്പ് ഒരു കത്ത് കൊടുക്കുകയുമുണ്ടായി. ആ കത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അദ്ദേഹം അറിയിച്ചിരുന്നു. കാലടിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോടതി മറ്റൊരു താലൂക്കായ പെരുമ്പാവൂരിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ശ്രമങ്ങൾ ദ്രുതഗതിയിൽ നടക്കുന്ന സാഹചര്യത്തിലാണ് ഞാൻ ഈ വിഷയം അടിയന്തരമായി ഇവിടെ അവതരിപ്പിക്കുന്നത്. അതുകൊണ്ട് കാലടിയിലെയും അങ്കമാലിയിലെയും ഈ രണ്ട് കോടതികൾക്കും സ്വന്തമായി ഒന്നിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള കെട്ടിടം നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി, കാലടി എന്നീ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്

മജിസ്ട്രേറ്റ് കോടതികൾ ഇപ്പോൾ പ്രവർത്തിക്കുന്ന വാടകക്കെട്ടിടത്തിൽനിന്നും മാറ്റുന്നതിനോ പ്രസ്തുത കോടതികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുവരെ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനോ ഉള്ള ശിപാർശ ഹൈക്കോടതിയുടെ പരിഗണനയിലില്ല. കോടതികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ മാറുന്നത് ഹൈക്കോടതിയുടെ തീരുമാനത്തിന് വിധേയമായാണ്. ആ രീതിയിലാണ് അത് നടപ്പാക്കുന്നത്. അതുകൊണ്ട് സർക്കാരിന് ഇക്കാര്യത്തിൽ തീരുമാനിക്കാൻ കഴിയുന്നതല്ല. ഇത് ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്താൻ മാത്രമേ സാധിക്കുകയുള്ളൂ.

## ഡിസ്പെൻസറിയുടെ പ്രവർത്തനം

ശ്രീ. കെ. രാജൻ: സർ, എന്റെ നിയോജകമണ്ഡലമായ ഒല്ലൂരിലെ പീച്ചിയിൽ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിലുള്ള ഒരു സർക്കാർ ഡിസ്പെൻസറി പീച്ചി ഡാമിന്റെ പ്രവർത്തനം ആരംഭിച്ച കാലംമുതൽ അവിടെ നിലനിൽക്കുകയാണ്. പീച്ചി ഡാമിന്റെ പ്രവർത്തനം പൂർത്തീകരിച്ചശേഷം ആ മേഖലയിലുള്ള ആദിവാസികളും പിന്നോക്കക്കാരുമായ ആയിരങ്ങൾ ആശ്രയിക്കുന്ന ഒരാശുപത്രിയായി അത് നിലനിൽക്കുകയാണ്. അതിന്റെ ചുറ്റുവട്ടത്താണ്

ആദിവാസി കോളനിയായ താമരവെള്ളച്ചാൽ, പട്ടികവർഗ്ഗ കോളനിയായ മൈലാട്ടുംപാറ എന്നിവയും നൂറ് ആദിവാസി പെൺകുട്ടികൾ താമസിക്കുന്ന ട്രൈബൽ ഗേൾസ് ഹോസ്റ്റൽ എന്നിവ പ്രവർത്തിച്ചുവരുന്നത്. നിർഭാഗ്യവശാൽ ഇറിഗേഷൻ വകുപ്പിന്റെ ജി. ഒ. (എം.എസ്.) 6/2017/ഡബ്ല്യു.ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം ഈ ആശുപത്രി അബോളിഷ് ചെയ്യാൻ ചെന്നുപെട്ട ഗൗരവമായ സ്ഥിതിയുണ്ടായി. 5 തസ്തികകളുള്ള ഈ ആശുപത്രി ഏതെങ്കിലും സാഹചര്യത്തിൽ നിർത്തലാക്കപ്പെട്ടാൽ ആ മേഖലയിലെ ആയിരക്കണക്കിനാളുകളുടെ ചികിത്സാസൗകര്യങ്ങൾ നഷ്ടപ്പെടുമെന്ന പ്രധാനപ്രശ്നം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അങ്ങ് അക്കാര്യത്തിൽ വളരെ ഗൗരവമായി ഇടപെടൽ നടത്തിയതായും അറിയിച്ചു. ആ ആശുപത്രി ഇറിഗേഷൻ വകുപ്പ് അല്ലെങ്കിൽ ആരോഗ്യ വകുപ്പിന്റെ ചുമതലയിലേയ്ക്ക് മാറ്റിയാണെങ്കിലും അത് നിലനിർത്താൻ വേണ്ടിയുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് സമക്ഷം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പീച്ചി ഡാം നിർമ്മിക്കുന്ന സമയത്ത് അവിടത്തെ ജീവനക്കാർക്കായി സ്ഥാപിച്ചതാണ് സബ്മിഷൻ വഴി

ഉന്നയിച്ച ഡിസ്പെൻസറി. പരിസര പ്രദേശങ്ങളിലെ പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിലെ അംഗങ്ങളും ഈ ആരോഗ്യകേന്ദ്രത്തെ ആശ്രയിച്ചിരുന്നു. കൂടാതെ പീച്ചി പ്രീ-മെട്രിക് ഹോസ്റ്റലിലെ പട്ടികവർഗ്ഗ വിദ്യാർത്ഥിനികളും ഈ ഡിസ്പെൻസറിയെ ആശ്രയിച്ചിരുന്നു. ജലസേചന വകുപ്പിലെ നിഷ്ക്രിയ തസ്തികകൾ നിർത്തലാക്കിയതിന്റെ ഭാഗമായി ഡിസ്പെൻസറിയിലെ തസ്തികകളും ഒഴിവാക്കപ്പെട്ടു. തുടർന്ന് ജനപ്രതിനിധികളും പരിസരവാസികളും ഡിസ്പെൻസറി നിലനിർത്തണമെന്നാവശ്യപ്പെടുകയും സബ്മിഷൻ ഉന്നയിച്ച ബഹുമാന്യനായ അംഗത്തിന്റെ ശ്രമത്തിന്റെയും ഭാഗമായി ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ ചുമതലയിൽ ഡിസ്പെൻസറി പ്രവർത്തനം നടത്താനും ആയതിന് ജലവിഭവ വകുപ്പിന്റെ കെട്ടിടം വിട്ടുനൽകുന്നതിനും സമ്മതിച്ചിട്ടുണ്ട്. ഡിസ്പെൻസറി നിലനിർത്താനാവശ്യമായ നടപടികൾ ഇപ്പോൾ സജീവ പരിഗണനയിലുമാണ്.

## ഐ.ടി.ഐ. കെട്ടിട നിർമ്മാണം

<u>ശ്രീ. യു. ആർ. പ്രദീപ്:</u> സർ, എന്റെ നിയോജകമണ്ഡലത്തിലെ വരവൂർ ഗ്രാമപഞ്ചായത്തിൽ ഏകദേശം 2.5 ഏക്കർ സ്ഥലത്ത് പട്ടികജാതി വകുപ്പിന്

കീഴിൽ വരുന്ന വരവൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന് 2010-ൽ 3.15 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. കഴിഞ്ഞ 5 വർഷം നിരന്തരം ഇടപെട്ടിട്ടും നിർമ്മാണം തുടങ്ങിയിടത്തുതന്നെ നിൽക്കുകയാണ്. കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി സംസാരിച്ചപ്പോൾ പഴയ ഷെഡ്യൂൾ അനുസരിച്ച് നിർമ്മാണം തുടരാൻ കഴിയില്ലെന്നാണ് അറിയിച്ചത്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് നിർമ്മാണം തുടങ്ങുന്നതിനുള്ള ശ്രമം നടത്തിയെങ്കിലും കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആ നിലപാടിൽതന്നെ നിൽക്കുകയാണ്. 55 ലക്ഷം രൂപയോളം വില വരുന്ന പഠനോപകരണങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഒന്നുകൂടി ഇടപെട്ട് കെട്ടിട നിർമ്മാണം വേഗത്തിൽ തുടങ്ങാൻ സാധിക്കുമോയെന്നാണ് അറിയേണ്ടത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, തൃശ്ശൂർ ജില്ലയിലെ വരവൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന് 31.08.2010-ലെ 97/2010 നമ്പർ ഉത്തരവ് പ്രകാരം 3.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിർമ്മാണ പ്രവൃത്തികൾക്ക് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ

കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയത്. എന്നാൽ ഇവർ ഏർപ്പെടുത്തിയ കരാറുകാരൻ ഐ.ടി.ഐ. കെട്ടിടത്തിന്റേയും ഹോസ്റ്റൽ കെട്ടിടത്തിന്റേയും പണി ഏകദേശം 35 ശതമാനം പൂർത്തിയാക്കുകയും അതിന് 82 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. തുടർന്ന് കരാറുകാരൻ പ്രവൃത്തി നിർത്തുകയും കഴിഞ്ഞ 4 വർഷമായി പദ്ധതി മുടങ്ങിപ്പോകുകയുമാണ് ചെയ്തത്. കൺസ്ട്രക്ഷൻ കോർപ്പറേഷൻ കരാറുകാരനെതിരായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട ചേലക്കര എം.എൽ.എ.-യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ.-യുടെ പ്രവൃത്തി പൂർത്തീകരിക്കാനായി 08.11.2016-ന് നടത്തിയ അവലോകനയോഗത്തിൽ ബാക്കിയുള്ള 2,33,00,000/- രൂപ ഉപയോഗിച്ച് അക്കാദമിക് ബ്ലോക്കിന്റെ ഒന്നും രണ്ടും നിലകളിലെയും ഹോസ്റ്റൽ കെട്ടിടത്തിന്റെ ഒന്നാം നിലയിലെയും വൈദ്യുതീകരണം, പ്ലംബിംഗ് എന്നീ പ്രവൃത്തികൾ ചെയ്യുന്നതിന് ധാരണയായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള അനുമതി 13.03.2017-ലെ 6782/2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

**കുടിവെള്ള പദ്ധതി**

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ

നഗരസഭ, ചാവക്കാട് നഗരസഭ എന്നീ മൂന്ന് കേന്ദ്രങ്ങളിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതിയാണ് കരുവന്നൂർ പുഴയിൽ നിന്നുള്ള ശുദ്ധജല പദ്ധതി. ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന ഘട്ടത്തിലാണ് ഈ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത്. ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതിയുടെ 80 ശതമാനം നിർമ്മാണവും പൂർത്തീകരിച്ചിരിക്കുകയാണ്. ചേറ്റുവ പുഴ മറികടക്കുന്ന ഭാഗവും ഒരുമനയൂരിൽ നിന്ന് ചാവക്കാടുള്ള വാട്ടർ ടാങ്കിലേയ്ക്ക് വെള്ളം എത്തിക്കുന്നതുവരെയുള്ള ഭാഗവും മാത്രമേ ബാക്കിയുള്ളൂ. ഇതിന്റെ ടെണ്ടർ പ്രക്രിയയിലുള്ള ചില പ്രശ്നങ്ങൾ കാരണം പ്രവൃത്തി തടസ്സപ്പെട്ടുനിൽക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമെന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കരുവന്നൂർ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അത് അടിയന്തരമായി മാറ്റുന്നതിന് ഗവൺമെന്റ് ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, 2009-ൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് യുഡിസ്മാറ്റ് എന്ന പദ്ധതി പ്രകാരം അനുവദിച്ച ഒരു ശുദ്ധജലപദ്ധതിയാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്.

ഗുരുവായൂർ - ചാവക്കാട് മുനിസിപ്പാലിറ്റികൾക്കായി 50,45,00,000/- രൂപയുടെ ഭരണാനുമതിയാണ് അന്ന് ലഭിച്ചത്. ഈ രണ്ട് മുനിസിപ്പാലിറ്റികളും ചേർന്ന് ഈ പണം കൊടുക്കണമെന്നാണ്. ഇതിനോടകം രണ്ട് മുനിസിപ്പാലിറ്റികളും ചേർന്ന് 40,48,00,000/- രൂപ ഒടുക്കിയിട്ടുണ്ട്. ബൂസ്റ്റർ പമ്പിംഗ് മെയിനിന്റെ 7.5 കിലോമീറ്റർ ഒഴിച്ച് ബാക്കി എല്ലാ ഭാഗങ്ങളും പൂർത്തീകരിച്ചുകഴിഞ്ഞു. ഏകദേശം 1,10,000 പേർക്ക് 135 ലിറ്റർ വെള്ളം പ്രതിദിനം ഉപയോഗിക്കാൻ തക്കവണ്ണമുള്ള കുടിവെള്ളം അവിടെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിയും. 7 പാക്കേജായാണ് ഇതിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്നത്. അതിൽ 6 പ്രവൃത്തികളും പൂർത്തീകരിച്ചു. ഓരോ പ്രവൃത്തികളുടെയും വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പദ്ധതിയിലെ മൂന്നാമത്തെ പാക്കേജായ 16.68 കിലോമീറ്റർ പൈപ്പ്ലൈൻ ഇടേണ്ടിടത്ത് 9.09 കിലോമീറ്റർ മാത്രമമാണ് പൂർത്തീകരിച്ചത്. ഇനിയും 7.59 കിലോമീറ്റർകൂടി പൂർത്തീകരിക്കാനുണ്ട്. അത് റീ-ടെണ്ടർ ചെയ്യേണ്ടിവന്നു. ബാക്കിയുള്ള പ്രവൃത്തി പൂർത്തീകരിക്കാനുള്ള പ്രവൃത്തി ഏൽപ്പിക്കുന്നതിനിടയിൽ ടെണ്ടറിന്റെ കാലാവധി അവസാനിക്കുകയുണ്ടായി. അത് നീട്ടിക്കിട്ടാൻ ആവശ്യപ്പെട്ടപ്പോൾ കരാറുകാരൻ പൈപ്പിനടക്കമുണ്ടായ വിലവർദ്ധനവിനനുസരിച്ച് 15 ശതമാനം കൂടുതൽ തുക ആവശ്യപ്പെട്ടു. അതിന്റെ

എംപവേർഡ് കമ്മിറ്റി 23.02.2017-ന് കൂടി കരാറുകാരനുമായി ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചു. ആ ചർച്ച വേഗത്തിൽ നടത്തി പൂർത്തീകരിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ, 7.5 കിലോമീറ്റർ ഒഴിച്ച് ബാക്കിയെല്ലാം പൂർത്തീകരിച്ചുകഴിഞ്ഞു. ശുദ്ധീകരണ ശാലയിൽ നിന്നും 25 കിലോമീറ്റർ അകലെയുള്ള ഏങ്ങണ്ടിയൂരിലെ സംപിൽ വരെ വെള്ളമെത്തിക്കാൻ സാധിക്കുന്ന നിലയിലേയ്ക്കെത്തി. ഗുരുവായൂർ നഗരസഭ ടാങ്കറിൽ വെള്ളം ചോദിച്ചിട്ടുണ്ട്. ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കി ഒരു മാസത്തിനകം ഇത് നിർമ്മിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വളരെ വേഗത്തിൽ എല്ലാ ഘടകങ്ങളും പൂർത്തീകരിച്ച് കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടിയിലേയ്ക്ക് നീങ്ങും. അതിൽ ബഹുമാനപ്പെട്ട എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ഇപ്പോഴത്തെ സ്തംഭനാവസ്ഥ ഒഴിവാക്കാനുള്ള കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുത്ത് മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

## മെഡിക്കൽ കോളേജ് വികസനം

<u>ശ്രീ. മുരളി പെരുനെല്ലി:</u> സർ, തൃശ്ശൂർ ജില്ലയിലെയും സമീപ ജില്ലകളിലെയും

രോഗികൾക്ക് വളരെ പ്രയോജനകരമായ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ ഇപ്പോൾ എടുക്കുന്ന നടപടികൾ വളരെ സ്വാഗതാർഹമാണ്. അതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പണി പൂർത്തീകരിച്ച കാത്ത്ലാബിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടിയെടുക്കേണ്ടതുണ്ട്. ഭിന്നശേഷിക്കാർക്ക് വളരെ പ്രയോജനകരമായ വിധത്തിലുള്ള ആർട്ടിഫിഷ്യൽ ലിംബ് ഫിറ്റംഗ് സെന്റർ കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിച്ചുവെങ്കിലും അനുബന്ധ ഘടകങ്ങളുടെ പണികൾകൂടി തീർത്തുകൊണ്ട് പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികളെടുക്കേണ്ടതാണ്. ഓങ്കോളജി സർജിക്കൽ ഡിപ്പാർട്ടുമെന്റ്, ഗ്യാസ്ട്രോ സർജിക്കൽ ഡിപ്പാർട്ടുമെന്റ് എന്നിവ പുതിയതായി ആരംഭിക്കാനാവശ്യമായ സാഹചര്യം അവിടെ നിലവിലുണ്ട്. അത് അടിയന്തരമായി ആരംഭിക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. കുടിവെള്ളത്തിന്റെ കാര്യത്തിൽ അവിടെ വളരെയേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ആ പ്രശ്നപരിഹാരത്തിനായി മെഡിക്കൽ കോളേജിന് ഒരു പ്രത്യേക കുടിവെള്ള പദ്ധതിതന്നെ തയ്യാറാക്കേണ്ടതുണ്ട്. ടോയ്ലറ്റുകളിലെ കേടായ ഫ്ലഷ്,

പൊട്ടിപ്പൊളിഞ്ഞ പൈപ്പുകൾ എന്നിവ റിപ്പയർ ചെയ്താൽ വളരെയേറെ ജലം ലാഭിക്കാൻ കഴിയുന്നതാണ്. ആവശ്യമായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റ് ജീവനക്കാരുടെയും ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികളും എടുക്കേണ്ടതുണ്ട്. 5 രോഗികൾക്ക് ഒരു നഴ്സ് എന്ന അനുപാതം പൂർണ്ണ രൂപത്തിൽ ആയിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ജില്ലയിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ആശുപത്രി വികസന സമിതി രൂപീകരിക്കുന്നതിനാവശ്യമായ നടപടികളെടുക്കണം. ഇത്ത്യാദി വിഷയങ്ങൾ ചർച്ച ചെയ്യാനാവശ്യമായ വിധത്തിൽ ജില്ലയിലെ എം.പി.-മാരെയും എം.എൽ.എ.-മാരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു യോഗം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ആഭിമുഖ്യത്തിൽ അടിയന്തരമായി വിളിച്ചുചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാരത്തിനാവശ്യമായ നടപടികളെടുക്കുകയും വേണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജിൽ ഞാൻ പങ്കെടുത്തുകൊണ്ട് ഒരു മീറ്റിംഗ് നടത്തിയിരുന്നു. അത് സംബന്ധിച്ച് കുറച്ചുകൂടി വിശദമായ യോഗം വിളിച്ചുചേർക്കണമെന്ന്

ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിട്ടുണ്ട്. അക്കാര്യം പരിഗണിക്കാവുന്നതാണ്. എന്നാൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇതിനകംതന്നെ ഗവൺമെന്റ് ഇടപെട്ടുകൊണ്ട് അവിടത്തെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ വികസനപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ജലലഭ്യത ഉറപ്പുവരുത്തലാണ്. അതിനാവശ്യമായ നടപടികൾ ഇപ്പോൾതന്നെ ജല അതോറിറ്റിയുടെ സഹായത്താൽ സ്വീകരിച്ചിട്ടുണ്ട്. ഭാവിയിൽ പൂർണ്ണമായ ജലലഭ്യത ഉറപ്പുവരുത്തിക്കൊണ്ട് അവിടത്തേയ്ക്കു മാത്രമായി ഒരു പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അക്കാദമിക് സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഇതിനകം നിരവധി നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അവിടെ കാത്ത്‌ലാബ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു. 14.13 കോടി രൂപയാണ് അതിനുവേണ്ടി അനുവദിച്ചിട്ടുള്ളത്. കാത്ത്‌ലാബ് ഉദ്ഘാടനം ചെയ്യുന്ന മുറയ്ക്ക് ജീവനക്കാർ ആവശ്യമായിവരും. അതിനുള്ള തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെയും ധനകാര്യ വകുപ്പിന്റെയും പരിഗണനയിലാണ്. നിലവിൽ അവിടെ

ഗൈനക്കോളജി, പീഡിയാട്രിക്സ്, പീഡിയാട്രിക് സർജറി വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. 41.83 കോടി രൂപ ചെലവഴിച്ചുകൊണ്ട് അക്കാദമിക് ബ്ലോക്കിന്റെ പണി ഏകദേശം പൂർത്തിയായി, അതിന്റെ ഫർണിഷിംഗിനുവേണ്ടി ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു കോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. ശിശുരോഗ വിഭാഗത്തിനുവേണ്ടി മാത്രമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ 7.5 കോടി രൂപ ചെലവിൽ പുതിയ കെട്ടിടനിർമ്മാണം പുരോഗമിക്കുകയാണ്. ആർട്ടിഫിഷ്യൽ ലിംഫ് ഫിറ്റിംഗ് സെന്ററിന്റെ കെട്ടിട നിർമ്മാണവും ഏകദേശം പൂർത്തിയായിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ച് അവ സജ്ജമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പട്ടികജാതി കുട്ടികൾക്ക് പ്രാമുഖ്യം നൽകി പാരാമെഡിക്കൽ ഡിഗ്രികോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികളും സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഐ.സി.യുണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഐ.സി.യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നുണ്ട്. ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടേയും ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ടുചെയ്തിട്ടുണ്ട്. ഈ ഒഴിവുകളിലേക്ക് നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ നിലവിലുള്ള റേഡിയോ തെറാപ്പി

വിഭാഗത്തിൽ കൊബാൾട്ട് മെഷീൻ കേടായപ്പോൾ അതിന്റെ സോഴ്സ് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. അതിന്റെ അവസാനഘട്ട നടപടികളിലാണ് ഇപ്പോഴുള്ളത് പെട്ടെന്നുതന്നെ സോഴ്സ് മാറ്റി സ്ഥാപിക്കാൻ സാധിക്കും. അതിനിടയിൽതന്നെ പുതിയൊരു ലീനിയർ ആക്സിലറേറ്റർ ഈ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. 13.72 കോടി രൂപയുടെ ലീനിയർ ആക്സിലേറ്ററാണ് അനുവദിച്ചിട്ടുള്ളത്. അത് ഇൻസ്റ്റാൾ ചെയ്യുന്നതിനാവശ്യമായ വൈദ്യുതി സംബന്ധിച്ച വർക്കുകൾ ചെയ്യുന്നതിന് 2 കോടി രൂപ വേറെയും അനുവദിച്ചിട്ടുണ്ട്. ഇവിടെ 18.31 കോടി രൂപയുടെ പി.ജി. ക്വാർട്ടേഴ്സ് കെട്ടിടം ഏകദേശം പൂർത്തിയായിവരികയാണ്. 4.9 കോടി രൂപ മുടക്കി അവിടെ പേവാർഡ് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്, അതിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. 4.50 കോടി രൂപയുടെ പതിമൂന്നാം ധനകാര്യകമ്മീഷന്റെ ഭാഗമായിട്ടുള്ള പ്രത്യേക തുക ഉപയോഗിച്ച് അവിടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതും ഏകദേശം നടപ്പിലാക്കാൻ കഴിയുന്ന അവസ്ഥയിലാണ്. ഇതിനുപുറമെ 1 കോടി രൂപ ലക്ച്ചർ ഹാളിന്, 1 കോടി രൂപ അവിടുത്തെ ഗസ്റ്റ് ഹൗസിന്റെ പണി പൂർത്തിയാക്കുന്നതിന്, 2.85 കോടി രൂപയുടെ പ്രത്യേകിച്ച് പാരാമെഡിക്കൽ ലേഡീസ് ഹോസ്റ്റൽ വിഭാഗത്തിന്റെ പ്രവർത്തനം,

1 കോടി രൂപ കേന്ദ്രഫണ്ടും പി. കെ. ബിജു എം.പി. നൽകിയ ഒരു കോടി രൂപ പ്രയോജനപ്പെടുത്തിക്കൊണ്ട് അവിടെ ഡേ കെയർ കീമോ സെന്റർ അതും ഏകദേശം പൂർത്തിയായിട്ടുണ്ട്. ജെറിയാട്രിക് റിസേർച്ച് കെട്ടിടത്തിന്റെ പണി ഇപ്പോൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. റോഡുകളുടെ നിർമ്മാണം കഴിഞ്ഞ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുകയും തടസ്സങ്ങളെല്ലാം നീക്കിക്കൊണ്ട് അതിനകത്തുള്ള റോഡുകളുടെയെല്ലാം നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുകയാണ്. ആർട്ടിഫിഷ്യൽ ലിംപ് ഫിറ്റിംഗ്സ് സെന്ററിന്റെ കാര്യം നേരത്തെ പറഞ്ഞിരുന്നു. അതിന്റെ നിർമ്മാണവും പുരോഗമിക്കുകയാണ്. ഇങ്ങനെ നിരവധി നിർമ്മാണപ്രവർത്തനങ്ങൾ വളരെ ത്വരിതഗതിയിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഒന്നുരണ്ടുവർഷത്തിനുള്ളിൽ തൃശ്ശൂർ മെഡിക്കൽ കോളേജ് ഏറ്റവും മെച്ചപ്പെട്ട സൗകര്യങ്ങളുള്ള സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് ഇപ്പോൾതന്നെ ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ടെന്ന കാര്യം സന്തോഷത്തോടുകൂടി അറിയിക്കുകയാണ്. അതുപോലെ അവിടെ മെറ്റേണൽ ചൈൽഡ് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ടടക്കം തുടങ്ങുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ട് പുതിയ പ്രോജക്ടുകളുമുണ്ട്. രണ്ടുവർഷത്തിനുള്ളിൽ തൃശ്ശൂർ മെഡിക്കൽ കോളേജിനെ ഞാൻ പറഞ്ഞതുപോലെ ഒരു സെന്റർ ഓഫ് എക്സലൻസ്

ആക്കി മാറ്റാൻ സാധിക്കുമെന്നാണ് എനിക്കിപ്പോൾ പ്രത്യേകിച്ച് പറയാനുള്ളത്. ഒരു സന്തോഷവാർത്തകൂടിയുണ്ട്, തൃശ്ശൂർ മെഡിക്കൽ കോളേജിൽ നീറ്റ് പി.ജി.എൻട്രൻസ് പരീക്ഷയിൽ ഇന്ത്യയിലെ രണ്ടും മൂന്നും റാങ്കുകൾ ഇവിടെയാണ് കിട്ടിയിരിക്കുന്നത്. കേരളത്തിന്റെ ഏറ്റവും വലിയ നേട്ടമാണിത്. ഒന്നാം റാങ്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിനും രണ്ടും മൂന്നും റാങ്ക് തൃശ്ശൂർ മെഡിക്കൽ കേളേജിനുമാണ് കിട്ടിയിരിക്കുന്നത്. ദന്തൽ വിഭാഗത്തിലും ഒന്നാം റാങ്ക് കേരളത്തിനാണ് കിട്ടിയിരിക്കുന്നത്. ഇതെല്ലാം ആരോഗ്യ മേഖലയിൽ ഉണ്ടായിട്ടുള്ള ഗുണകരമായ മാറ്റങ്ങളാണ്. അതിന്റെ സന്തോഷംകൂടി അറിയിക്കുന്നു.

## താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ സുൽത്താൻബത്തേരി താലൂക്കാശുപത്രിയെ സംബന്ധിച്ചാണ് ഞാനീ സബ്മിഷൻ ഉന്നയിക്കുന്നത്. സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെയും രോഗികൾ നിരന്തരമായി ബന്ധപ്പെടുന്നത് ബത്തേരി താലൂക്ക് ആശുപത്രിയെയാണ്. മാത്രമല്ല കർണ്ണാടക, തമിഴ്നാട് അതിർത്തിപ്രദേശങ്ങൾ പങ്കിടുന്ന ഒരു നിയോജകമണ്ഡലമെന്ന നിലയ്ക്ക് തമിഴ്നാട്ടിലെയും കർണ്ണാടകയിലെയും നിരവധി രോഗികൾ ഈ ആശുപത്രിയിൽ

ചികിത്സ തേടിയെത്തുന്നുണ്ട്. ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിലയിരുത്തുകയും പ്രസ്തുത ഹോസ്പിറ്റലിന് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 23 കോടി രൂപ ബിൽഡിംഗിന് അനുവദിക്കുകയും അതോടൊപ്പംതന്നെ ഒരു വൈറോളജി ലാബ്, പബ്ലിക് ഹെൽത്ത് ലാബ് എന്നിവ സ്ഥാപിക്കുന്നതിനായി... വൈറോളജി ലാബിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മന്ത്രി നിർവ്വഹിക്കുകയുണ്ടായി. അതോടൊപ്പംതന്നെ ഈ ബിൽഡിംഗിന്റെ പണി പൂർത്തിയാക്കിയിട്ട് മാസങ്ങളോളമായി. പബ്ലിക് ഹെൽത്ത് ലാബിന്റെ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചു. അവിടെ ഇതുവരെയും പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റവും കൂടുതൽ ആദിവാസികൾ തിങ്ങിപ്പാർക്കുന്ന ഒരു നിയോജകമണ്ഡലംകൂടിയാണ്. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരുമായി സംസാരിക്കുമ്പോൾ അവർ പറയുന്നത് സ്റ്റാഫിന്റെ കുറവുണ്ടെന്നാണ്. ബഹുമാനപ്പെട്ട മന്ത്രി വൈറോളജി ലാബിന്റെ ഉദ്ഘാടനം നിർവ്വഹിക്കാൻ വന്നപ്പോൾ ഞാനവിടെ ഇല്ലായിരുന്നു. വളരെ പെട്ടെന്ന് ഡേറ്റ് തീരുമാനിച്ചതുകൊണ്ട് ശബരിമല യാത്രയിലായിരുന്നു. മന്ത്രി അന്ന് താലൂക്കാശുപത്രിയും ജില്ലാ ആശുപത്രിയും വിലയിരുത്തിയതാണ്. അവിടെ മോർച്ചറിയുടെ പണി നടന്നുകൊണ്ടിരിക്കുന്നു. പബ്ലിക് ഹെൽത്ത് ലാബ്

ബിൽഡിംഗിന്റെ പണി കഴിഞ്ഞു. അടിസ്ഥാന സൗകര്യമില്ലാത്ത ആ ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫിനെ നിയമിച്ചുകൊണ്ട് പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സഭയിൽ ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ബഹുമാനപ്പെട്ട മെമ്പർ സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയുടെ അവസ്ഥയാണ് സൂചിപ്പിച്ചത്. മലയോര മേഖലയിലെ ഏറ്റവും കൂടുതൽ ആദിവാസി സഹോദരങ്ങളുൾപ്പെടെയുള്ളവർ ആശ്രയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയാണിത്. ഈ ആശുപത്രിയെ 1995-ൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തിയതായിരുന്നു. ഇപ്പോൾ അവിടെ ശരാശരി 750-നും 800-നും ഇടയ്ക്ക് ഒ.പി.യാണ് വരുന്നത്. ബെഡ് സ്ട്രെംങ്ത് 57 ആണ്. നിലവിൽ രണ്ട് ബ്ലോക്കുകളിലായി ഒന്നര കിലോമീറ്റർ ദൂരത്തായി ആശുപത്രിയുടെ പഴയ ബ്ലോക്കും പുതിയ ബ്ലോക്കും സ്ഥിതി ചെയ്യുകയാണ്. രണ്ട് ബ്ലോക്കുകളിലുമായി 125 ബെഡുകളുണ്ട്. മതിയായ ജിവനക്കാരില്ലാത്തതാണ് ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുന്ന കാര്യം. സുൽത്താൻബത്തേരി ബ്ലോക്കു

പഞ്ചായത്തിന്റെ നേതൃത്വത്തിൽ മൾട്ടി സർക്കിൾ ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി അവിടെ ആറ് നിലകളുള്ള പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഞങ്ങൾ അന്ന് ആശുപത്രിയുടെ പരിപാടിക്ക് പോയ സമയത്ത് ഈ കെട്ടിടമൊക്കെ കണ്ടതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നല്ല സൗകര്യങ്ങളുള്ള കെട്ടിടമാണ്. അതിൽ രണ്ട് ലിഫ്റ്റിന്റെ ആവശ്യമുണ്ട്. അതിൽ ഒരു ലിഫ്റ്റിന്റെ പണി അന്ന് പൂർത്തിയായിരുന്നില്ല. ഇപ്പോൾ അത് പൂർത്തിയായിട്ടുണ്ടെന്നാണ് കരുതുന്നത്. അതിന്റെ ഫയർ സേഫ്റ്റിയും മറ്റ് കാര്യങ്ങളുമെല്ലാം കെ.എസ്.ഇ.ബി.-യിൽനിന്നും ഇടപെട്ട് ചെയ്യേണ്ടതായിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ വേഗം നമുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പുതിയതായി ജീവനക്കാരെ നിയമിക്കുന്നതിനാണ് നമ്മൾ ശ്രമിക്കേണ്ടത്. ഏതായാലും പുതിയ പദ്ധതിപ്രകാരം ഇത്തരം താലൂക്കാശുപത്രികളിൽ സ്റ്റാഫുകൾ ആവശ്യമുള്ളിടത്ത് നിയമിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ആർദ്രം മിഷന്റെ ഭാഗമായി ഗവൺമെന്റിന് സമർപ്പിച്ചപ്പോൾ അതിൽ ബത്തേരി താലൂക്കാശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. അധികം വൈകാതെതന്നെ ആ പോസ്റ്റുകൾ അംഗീകരിച്ചുകിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അംഗീകരിച്ച് കിട്ടുന്ന മുറയ്ക്ക്

തീർച്ചയായിട്ടും താലൂക്കാശുപത്രിയുടെ പ്രവർത്തനം അതിന്റെ മുഴുവൻ രീതിയിൽത്തന്നെ തുടരുവാൻ സാധിക്കുമെന്നുമാത്രമല്ല ഈ ഗവൺമെന്റ് വന്നതിനുശേഷം നബാർഡ് പദ്ധതിയിൽപ്പെടുത്തി സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് 25 കോടി രൂപ അനുവദിച്ചതായും സന്തോഷത്തോടെ അറിയിക്കുകയാണ്. അപ്പോൾ പോസ്റ്റ് ക്രിയേഷൻ കൂടിയായാൽ നമുക്ക് സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയുടെ പ്രവർത്തനം ഏറ്റവും നല്ല രീതിയിൽ നടത്തുവാൻ സാധിക്കും.

## ഇരിണാവ് പാലം

ശ്രീ. ടി. വി. രാജേഷ് : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ മണ്ഡലത്തിലെ ഇരിണാവ് പാലത്തിന് 2009-ൽ ഭരണാനുമതി ലഭിച്ചു. അപ്രോച്ച് റോഡിന് സ്ഥലം ലഭ്യമാകാത്തതുകൊണ്ട് അന്ന് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞില്ല. പിന്നീട് അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഗവൺമെന്റ് അക്വയർ ചെയ്യുകയുണ്ടായി. നടപടിക്രമങ്ങളെല്ലാം പൂർത്തിയായി. 2016 മാർച്ച് മാസം 4-ാം തീയതി പാലത്തിന് ഭരണാനുമതി ലഭിക്കുകയുണ്ടായി. അവിടെ മാട്ടൂൽ എന്ന് പറയുന്ന പഞ്ചായത്തുണ്ട്, അതൊരു ഉപദ്വീപാണ്.

ഏതാണ്ട് മൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന ഒരു പഞ്ചായത്താണ്. ആ പഞ്ചായത്തിലേയ്ക്ക് നിലവിൽ ആളുകൾ ഉപയോഗിക്കുന്ന പാലം 1964-ൽ ജലസേചന വകുപ്പ് നിർമ്മിച്ച ഒരു റെഗുലേറ്റർ കം ബ്രിഡ്ജാണ്. ആ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ കാലപ്പഴക്കം പരിഗണിച്ചാണ് 2009-ൽ അന്നത്തെ സർക്കാർ മലബാർ പാക്കേജിൽപ്പെടുത്തി 9 കോടി 25 ലക്ഷം രൂപ പുതിയ പാലം നിർമ്മിക്കുവാൻ വേണ്ടി അനുവദിച്ചത്. എന്നാൽ അപ്രോച്ച് റോഡിന് സ്ഥലം ലഭ്യമാകാത്തതിനാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറ്റവും അവസാനമാണ് ആ പാലത്തിന് ഭരണാനുമതി ലഭിച്ചത്. പക്ഷെ ഭരണാനുമതി ലഭിച്ചെങ്കിലും അതിന്റെ ടെണ്ടർ നടപടികളൊന്നും ആരംഭിച്ചിട്ടില്ല. ഒരു പ്രദേശം പൂർണ്ണമായും ഒറ്റപ്പെടുന്ന അവസ്ഥയാണ് വന്നിരിക്കുന്നത്. ഈ റെഗുലേറ്റർ കം ബ്രിഡ്ജാണെങ്കിൽ ഏത് നിമിഷവും നിലംപൊത്താവുന്ന സ്ഥിതിയിലാണ്. ഒരു പ്രദേശമാകെ ഒറ്റപ്പെട്ടുപോകുന്ന സ്ഥിതി കണക്കിലെടുത്തുകൊണ്ട് ആ പ്രദേശത്തെ ജനങ്ങളുടെ ജീവപ്രധാനപ്പെട്ട ഒരു ആവശ്യമെന്ന നിലയിൽ ഭരണാനുമതി ലഭിച്ച ഇരിണാവ് പാലത്തിന്റെ തുടർനടപടികൾ എത്രയും വേഗം ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കല്യാശ്ശേരി മണ്ഡലത്തിലെ കല്യാശ്ശേരി-മാട്ടൂൽ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പയ്യറ്റം-ഇരിണാവ്-മാടക്കര റോഡിലെ ഇരിണാവ് പാലം നിർമ്മാണത്തിന് 14.07.2009-ൽ 7 വർഷം മുൻപാണ് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളത്. 9,25,00,000/- രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഇൻവെസ്റ്റിഗേഷൻ നടത്തി പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുകയും ചെയ്തിരുന്നു. പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിനുള്ള സ്ഥലം തടസ്സമില്ലാതെ ലഭ്യമായാൽ മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കാവൂ എന്ന് ഗവൺമെന്റ് ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. സൗജന്യമായി ഭൂമി വിട്ടുകിട്ടുന്നതിനുള്ള ശ്രമങ്ങൾ നടന്നെങ്കിലും സ്വകാര്യ വ്യക്തികൾ അതിന് തയ്യാറാവാതിരുന്നതിനാൽ അത് വിജയിച്ചില്ല. ഇതിനുള്ളിൽ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുകയും 15.12.2015 ലെ സർക്കാർ ഉത്തരവ് പ്രകാരം 42,38,517/- രൂപ സ്ഥലം ഏറ്റെടുക്കുന്നതിന് അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് 24.01.2016 ൽ സ്പെഷ്യൽ തഹസിൽദാർ(തലശ്ശേരി)-ക്ക് പ്രസ്തുത തുക കൈമാറുകയും ചെയ്തിട്ടുണ്ട്.

04.03.2016 ലെ സർക്കാർ ഉത്തരവ് പ്രകാരം 16,42,00,000/- രൂപയുടെ പുതിയ ഭരണാനുമതി പാലം നിർമ്മാണത്തിനായി നൽകി. യഥാസമയം പ്രവൃത്തി നടന്നിരുന്നുവെങ്കിൽ ചെലവഴിക്കേണ്ടിവരുമായിരുന്നതിനേക്കാൾ 7 കോടി രൂപ അധികമാണ് ഇപ്പോൾ വന്നിരിക്കുന്നത്. എങ്കിലും അത് അനുവദിച്ചിട്ടുണ്ട്. പരസ്പരം കൂടിയാലോചിച്ചിട്ടുള്ള ഭൂമിവാങ്ങൽ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനും ഭൂവുടമകളിൽനിന്നും നേരിട്ട് ആധാരം രജിസ്റ്റർ ചെയ്തു വാങ്ങുന്നതിനും അനുമതി തേടിയുള്ള അപേക്ഷ സർക്കാർ പരിശോധിക്കുകയും അതിന്റെ വ്യക്തതയ്ക്കുവേണ്ടി ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. പാലത്തെ സമീപിക്കുന്ന റോഡിനുള്ള സ്വകാര്യ വ്യക്തികളുടെ ഭൂമിക്ക് പുറമെ ചെറുകിട ജലസേചന വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമികൂടി വിട്ടുകിട്ടേണ്ടതായിട്ടുണ്ട്. അതിന് ജലസേചന വകുപ്പിനും ഭരണവകുപ്പ് (മരാമത്ത് വകുപ്പ്) കത്ത് നൽകിയിട്ടുള്ളതാണ്. അത് ലഭിച്ചിട്ടില്ല. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് പ്രത്യേകാനുമതി നൽകുന്നതിന് അടുത്തസാമ്പത്തിക വർഷത്തെ റഗുലർ ബഡ്ജറ്റ് പ്രൊവിഷനിൽനിന്നും ചെലവഴിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ പുനഃസമർപ്പിക്കണമെന്ന് നിരത്തുകളും പാലങ്ങളും വിഭാഗം

ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഇതുപോലെയുള്ള എല്ലാ കാര്യങ്ങളിലും സംഭവിക്കുന്നത് ജില്ലാ കളക്ടർമാരിൽ പലരും അവരിൽ നിക്ഷിപ്തമായ ഉത്തരവാദിത്തം നിർവ്വഹിക്കാത്തതുകൊണ്ടാണെന്ന് കാണാം. ഇത് കേരളം മൊത്തമുണ്ട്. ഇത് ജില്ലാ കളക്ടറുടെ ജോലിയാണ്. ഇത്തരം കാര്യങ്ങളെല്ലാം കൂടിയാലോചിച്ച് പരിഹരിക്കുകയോ ഇല്ലെങ്കിൽ നിയമപ്രകാരം പൊതുതാൽപര്യത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുകയോ ചെയ്യുക എന്നതിൽ വലിയ കാലതാമസമാണ് ഓരോ കാലത്തും ചില കളക്ടർമാർ നടത്തുന്നത്. അതുകൊണ്ട് കളക്ടറോടും ശുഷ്കാന്തിയോടുകൂടി ഈ കാര്യം ചെയ്യണമെന്ന് അറിയിക്കുന്നതാണ്.

## റോഡ് നിർമ്മാണത്തിന് അംഗീകാരം

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, എന്റെ നിയോജക മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട, കർണ്ണാടക സംസ്ഥാനവുമായി ബന്ധിപ്പിക്കുന്ന റോഡായ ബംഗരമഞ്ചേശ്വരം - കുളൂർ - നിയ്യപ്പതവ് - ചികിർപാതറോഡ് തകരാർ ആയതിനെ തുടർന്ന് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 2015 ൽ നബാർഡിൽ

ഉൾപ്പെടുത്തി 9 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും അതിന്റെ ടി.എസ്.ഉം ടെണ്ടർ നടപടികളും മുന്നോട്ട് പോകുമ്പോൾ തെരഞ്ഞെടുപ്പ് വന്നതിനാൽ കാലതാമസമുണ്ടാകുകയും ചെയ്തു. ആഗസ്റ്റ് 2016-ഓടുകൂടി ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. പൊട്ടിപ്പൊളിഞ്ഞ റോഡിന്റെ പ്രവൃത്തി ആരംഭിക്കാത്തതിനാൽ ദുരിതമനുഭവിക്കുന്ന നാട്ടുകാർ സമരം നടത്തുകയും ചെയ്തു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിറ്റി ടെണ്ടർ അംഗീകാരം നൽകാതെ അനിശ്ചിതമായി നീട്ടുന്നതാണ് കാരണം. ടെണ്ടർ കമ്മിറ്റിക്ക് വയ്ക്കുന്നതിനായി ഫയൽ മുകളിലേയ്ക്ക് അയക്കുമ്പോൾ കമ്മിറ്റി കൂടുന്നതിന് തീയതി നൽകാതെ പല തവണകളായി ഫയൽ തിരിച്ച് അയയ്ക്കുകയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചെയ്തത്. ഈ കാര്യം വിശദീകരിച്ച ഉടനെ കമ്മിറ്റി കൂടി അംഗീകാരം നൽകണമെന്ന് ഞാൻ അങ്ങേയ്ക്കും ചീഫ് സെക്രട്ടറിക്കും കത്ത് നൽകിയിരുന്നു. അങ്ങേയ്ക്ക് നൽകിയ കത്ത് കൃത്യമായ നിർദ്ദേശത്തോടെ ബന്ധപ്പെട്ടവർക്ക് അയച്ചതിനെ തുടർന്ന് കഴിഞ്ഞ 16.02.2017 ന് ടെണ്ടർ കമ്മിറ്റി കൂടുകയും പ്രസ്തുത റോഡിന്റെ ഫയൽ വയ്ക്കുകയും എന്നാൽ നിസ്സാരമായ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പ്രസ്തുത റോഡിന്റെ പ്രവൃത്തിക്ക് ടെണ്ടർ അംഗീകാരം നൽകാതെ പ്രസ്തുത ഫയൽ മാറ്റി വയ്ക്കുകയുമാണ് ഉണ്ടായത്. 25

ശതമാനം ബിലോയിൽ എടുത്ത ഒരു വർക്കാണ്. ടെണ്ടർ നടപടികൾക്കായി ഗവൺമെന്റിലേയ്ക്ക് പോയിട്ട് 8 മാസമായി. 25 ശതമാനം ബിലോയിലുള്ള ഈ വർക്ക് 3 മാസംകൊണ്ട് കരാറുകാരന് കൊള്ളാനും തള്ളാനും ഉള്ള അവകാശവും അധികാരവുമുണ്ട്. 8 മാസമായതിനാൽ അവർ ഇനി കരാർ ഏറ്റെടുക്കണം എന്നില്ല. എന്നാൽ ഈ വരുന്ന മാർച്ച് 20-ാം തീയതി വരെ ഞാൻ ഏറ്റെടുത്തോളാം എന്ന് കത്ത് നൽകിയിട്ടുണ്ട്. പക്ഷേ ഏറ്റെടുക്കണമെന്നില്ല. മൂന്ന് മാസം കാലാവധി കാരാറുകാരന് വയ്ക്കുകയും ഉദ്യോഗസ്ഥൻമാർ 8 മാസം വരെ ഇതിന്റെ കാലാവധി നീട്ടുകയും ചെയ്യുന്നതിൽ വളരെ അധികം വേദനയുണ്ട്. ഇത് ഇപ്പോൾ 25 ശതമാനം ബിലോ ആണ്. ഇനി ഈ വർഷം വർക്ക് നടന്നില്ലെങ്കിൽ അടുത്ത വർഷം 20 ശതമാനം ഷെഡ്യൂൾ റേറ്റ് കൂട്ടും. അപ്പോൾ 20 ശതമാനം ഷെഡ്യൂൾ ഓഫ് റേറ്റ് കൂടിയാൽ അടുത്ത വർഷം റീ ടെണ്ടർ വച്ചാൽ കോടിക്കണക്കിന് രൂപ സർക്കാരിന് നഷ്ടമാകും. അങ്ങനെ പല കോടികളുടെ നഷ്ടങ്ങളാണ് ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥമൂലം ഗവൺമെന്റിൽനിന്നും ഒഴുകിക്കൊണ്ടിരിക്കുന്നത്. അതിനാണ് വിജിലൻസ് അന്വേഷണം വയ്ക്കേണ്ടത്. അതിന് വിജിലൻസ് അനേഷണം വച്ച് ആവശ്യമായ പ്രവർത്തനമാണ് നടത്തേണ്ടത്. ഇതുപോലെ

ആയിരക്കണക്കിന് കോടി രൂപയുടെ നഷ്ടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കരാറുകാർ പ്രവൃത്തിയിൽനിന്ന് പിൻമാറുന്ന മുറയ്ക്ക് ഇത്തരം നഷ്ടങ്ങൾ ഉണ്ടാകും എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതുകൊണ്ട് ഈ 20-ാം തീയതിക്കു മുൻപായി.... മൂന്ന് വർഷം മുൻപ് പൊട്ടിപ്പൊളിഞ്ഞ റോഡിനാണ് സർക്കാർ ഫണ്ട് വയ്ക്കുന്നത്. പക്ഷേ 2015-ൽ അംഗീകാരം കിട്ടിയ ഈ വർക്ക് ഇപ്പോൾ മൂന്നാം വർഷത്തിലേയ്ക്കും നാലാം വർഷത്തിലേയ്ക്കും നീങ്ങുകയാണ്. അപ്പോൾ നാട്ടുകാരുടെ കാര്യങ്ങൾ പ്രത്യേകമായി ഒന്ന് ചിന്തിക്കേണ്ടതുണ്ട്. മൂന്ന് വർഷം മുമ്പ് ടെണ്ടർ അനുമതി ലഭിച്ചിട്ടും അതിന്റെ അറ്റകുറ്റപ്പണിക്കുപോലും ഫണ്ട് വയ്ക്കാൻ പറ്റാത്തൊരു സാഹചര്യത്തിൽ ആ നാട്ടുകാർ അങ്ങയുടെ പാർട്ടി അടക്കം പങ്കെടുത്ത് സമരംചെയ്യുന്നുണ്ട്. അതിന് ഒരു അറുതി വരുത്തണമെന്നു മാത്രം ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, തൊട്ടുമുൻപ് ശ്രീ. റ്റി. വി. രാജേഷിന്റെ സബ്മിഷന് ഞാൻ മറുപടി പറഞ്ഞപ്പോൾ 7 വർഷത്തെ കാലമാണ് പാഴാക്കിക്കളഞ്ഞത്. ഇതിപ്പോൾ രണ്ട് വർഷം. നമ്മുടെ കേരളത്തിലെ മരാമത്ത് പണികളുടെ ചരിത്രം ഒരു 50 വർഷം പരിശോധിച്ചാൽ ഒരു 5 പഞ്ചവൽസര പദ്ധതിക്കുള്ള മൊത്തം തുകയും

ഇങ്ങനെ പാഴാക്കി കളഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച് വിജിലൻസ് എൻക്വയറി കൊണ്ടൊന്നും കാര്യമില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ആത്മാർത്ഥതയും ഉത്തരവാദിത്തവും കാട്ടണം. മന്ത്രിമാരും എം.എൽ.എ.മാരും മാത്രമല്ല, അവരുടെ തീരുമാനം നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥൻമാർ സമയത്ത് കമ്മിറ്റി കൂടാതിരിക്കുന്നത് സർവ്വ സാധാരണമായ സംഭവമാണ്. ഇത് കുറേ കാലമായിട്ടുള്ളതാണ്. അതിന്റെ ഒരു രക്തസാക്ഷിയാണ് കർണ്ണാടകയുമായി ബന്ധിപ്പിക്കുന്ന കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മണ്ഡലത്തിലെ ബംഗരമഞ്ചേശ്വരം - കുളൂർ -നിയ്യപ്പതവ് -ചികിർപാത റോഡ് നബാർഡ് പ്രവൃത്തിക്കായി ടെണ്ടർ അംഗീകാരം നൽകുന്നതു സംബന്ധിച്ച വിഷയം 16.02.2017-ൽ ഇവിടെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ടെണ്ടർ കമ്മിറ്റി പരിഗണിച്ചുവെങ്കിലും ചീഫ് ടെക്നിക്കൽ എക്സാമിനർ ചൂണ്ടിക്കാണിച്ച പോരായ്മകളിന്മേൽ പൊതുമരാമത്ത് ചീഫ് എഞ്ചിനീയറോട് വിശദീകരണം തേടിയിരിക്കുകയാണ്. എന്നിട്ട് ആ വിശദീകരണം കിട്ടിയ ശേഷം ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അംഗീകാരത്തോടുകൂടി അടുത്ത ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ അടങ്കൽ 9 കോടി രൂപയാണ്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സാങ്കേതിക അനുമതി

റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് കിട്ടിയാലുടൻ അത് കമ്മിറ്റിയിൽവച്ച് കമ്മിറ്റിയാണ് തീരുമാനിക്കേണ്ടത്. സാങ്കേതികമായ തടസ്സങ്ങളൊക്കെ ഉണ്ടെങ്കിലും ശ്രീ. പിണറായി വിജയൻ സർക്കാർ വന്നതിനുശേഷം, അതിന് മുൻപുള്ള കാര്യം ഞാൻ പറയാതെ തന്നെ അങ്ങേയ്ക്ക് അറിയാം, അത് ഞാൻ നെഗറ്റീവായിട്ടല്ല പറയുന്നത് കാസർഗോഡ് ജില്ലയിലെ ഓരോ അസംബ്ലി മണ്ഡലങ്ങളിലും അതൊരു പിന്നോക്ക പ്രദേശമാണ്, വടക്കേ അറ്റം കിടക്കുകയാണ്, പി.ഡബ്ല്യൂ.ഡി. പ്രത്യേക പരിഗണന നൽകി വരികയാണ്. ടെണ്ടർ കമ്മിറ്റിയുടെ ഉഷാറായ പ്രവർത്തനമില്ലായ്മ പലപ്പോഴും കാലതാമസം വരുത്തുന്നത് സർവ്വസാധാരണമാണ്. ഇതിന് മരാമത്ത് മന്ത്രിക്കോ ഒന്നും ഒരു ഇടപെടലും നടത്താൻ കഴിയുന്ന കാര്യമല്ല. അതവർ സ്വയം ചെയ്യേണ്ട കാര്യമാണ്. വേലിതന്നെ വിളവ് തിന്നുന്ന രീതി അവസാനിപ്പിക്കണം. ചട്ടങ്ങളുടെ സ്വീകാര്യത അനുസരിച്ചുതന്നെ കാര്യങ്ങൾ നടക്കണം. ഇപ്പോൾ മന്ത്രിസഭാ യോഗം, ഏത് ഗവൺമെന്റ് ആയാലും എല്ലാ ബുധനാഴ്ചയും ചേരുകയാണ്. എന്തെല്ലാം തിരക്കുകൾ ഉണ്ടെങ്കിലും നമ്മൾ ഓടി എത്തുകയാണ്. ആ ദിവസം പറ്റുന്നില്ലെങ്കിൽ തൊട്ടടുത്ത ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിക്കും.

ടെണ്ടർ കമ്മിറ്റി വിളിച്ചു കൂട്ടാൻ ആറ് മാസവും എട്ട് മാസവും എടുക്കുക എന്നുപറഞ്ഞാൽ എനിക്കൊന്നും പറയാനില്ല. ബന്ധപ്പെട്ടവർ എന്താണ് ചെയ്യേണ്ടതെന്ന് മനസ്സിലാക്കി പരിഹാരം കാണണം. കുട്ടനാട്ടിൽ ഇപ്പോൾ വർക്കൊന്നും നടക്കുന്നില്ല. കാരണം മണ്ണിന്റെ വില നിശ്ചയിച്ചിട്ടില്ല. നിശ്ചയിക്കാൻ നമുക്ക് അധികാരമില്ല. നിർദ്ദേശം കൊടുത്തു. അവിടെ 600 രൂപയ്ക്കൊന്നും ആരും മണ്ണ് തരില്ല. കാരണം ഹൈറേഞ്ചിൽനിന്ന് ലോറിയിൽ കൊണ്ടു വരണം. എന്നിട്ട് വള്ളത്തിൽ കയറ്റണം. ഒരു 1,700 കൊടുത്താൽ മതി. പക്ഷേ കൊടുക്കില്ല. ഇങ്ങനെയുള്ള സാങ്കേതികമായ ഉത്തരവാദിത്തമുള്ള ആളുകൾ ജനാധിപത്യത്തിന്റെയും വികസനത്തിന്റെയും ആവശ്യം പരിഗണിച്ച് വഴങ്ങേണ്ടതായിട്ടുണ്ട്. ഒന്നുമില്ലെങ്കിൽ നമുക്ക് നടപടി എടുക്കാൻ സാധിക്കില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച കാര്യത്തിൽ ടെണ്ടർ കമ്മിറ്റി യോഗം കൂടി സാങ്കേതികമായ പോരായ്മ; ചീഫ് ടെക്നിക്കൽ എക്സാമിനർ പറയുന്ന പോരായ്മ പരിഹരിച്ചേ പറ്റൂ, അതിൽ നമുക്ക് വിട്ടുവീഴ്ചയില്ല: അങ്ങനെ പരിഹരിച്ച് എത്രയും വേഗം അത് സാക്ഷാത്കരിക്കാൻ ഈ സബ്മിഷൻ ഇടവരുത്തട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം</u>

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ. ഒരേ സ്റ്റേഡിയത്തിൽ തന്നെ രണ്ട് 400 മീറ്റർ ട്രാക്കുകളും മനോഹരമായി പുൽവിരിച്ച രണ്ടു ഫുട്ബോൾ കോർട്ടുകളും ഉള്ള ഏഷ്യയിലെ തന്നെ ഏറ്റവും വലിയ നാച്ചുറൽ സ്റ്റേഡിയമാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം. കേരളത്തിലെ ഏറ്റവും മികച്ച സിന്തറ്റിക് ട്രാക്കാണ് ഇവിടെയുള്ളത്. അന്താരാഷ്ട്ര നിലവാരമുള്ള 50 മീറ്റർ നീളമുള്ള സ്വിമ്മിംഗ് പൂളിന്റേയും പരിശീലന പൂളിന്റേയും നിർമ്മാണം നടന്നുവരുന്നു. ഈ സ്റ്റേഡിയത്തിൽ ഇത്രയേറെ സൗകര്യങ്ങൾ ഉണ്ടെങ്കിലും അന്താരാഷ്ട്ര മൽസരങ്ങൾ നടത്തണമെങ്കിൽ സ്പോർട്ട്സ് പവലിയനും, ഫ്ലെഡ് ലൈറ്റും കൂടി നിർമ്മിച്ചേ മതിയാകൂ. ദേശീയ യൂത്ത് അത്ലറ്റ് മീറ്റും, സ്റ്റേറ്റ് സ്കൂൾ കായികോൽസവവും വളരെ വിജയകരമായി അവിടെ വച്ച് നടക്കുകയുണ്ടായി. അഖിലേന്ത്യാ അന്തർ സർവ്വകലാശാല മൽസരങ്ങളിൽ കാലിക്കറ്റ് സർവ്വകലാശാല ഈ വർഷം നേടിയ വിജയങ്ങൾ ഈ സ്റ്റേഡിയത്തിന്റെ ഗുണഫലമാണ്. ശ്രീമതി പി.ടി. ഉഷ അടക്കമുള്ള നിരവധി പ്രതിഭകളെ രാജ്യത്തിന്

സംഭാവന ചെയ്ത സ്റ്റേഡിയം കൂടിയാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം. ഈ സ്റ്റേഡിയത്തിൽ നിന്നും വെറും 6 കിലോമീറ്റർ അകലെയാണ് അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്നത്. 20 കിലോമീറ്റർ പരിധിക്കുള്ളിൽ 3 റെയിൽവേസ്റ്റേഷനുകളുണ്ട്. യൂണിവേഴ്സിറ്റിയുടെ മുൻഭാഗത്തുകൂടിയാണ് നാഷണൽ ഹൈവേ കടന്നുപോകുന്നത്. 6 കിലോമീറ്ററിനുള്ളിൽ കടൽത്തീരവുമുണ്ട്. ഇത്തരമൊരു തന്ത്രപ്രധാനമായ ലൊക്കേഷൻ കേരളത്തിൽ മറ്റൊരു സ്റ്റേഡിയത്തിനുമുണ്ടാകില്ല. ഇത്തരം സാധ്യതകൾ കണക്കിലെടുത്ത് കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 1968-ൽ സ്ഥാപിതമായ കോഴിക്കോട് സർവ്വകലാശാലയിൽ ഇപ്പോൾ 410 അഫിലിയേറ്റഡ് കോളേജുകളിലായി ഏകദേശം 3 ലക്ഷം വിദ്യാർത്ഥികൾ വിവിധ കോഴ്സുകളിൽ പഠനം നടത്തി വരുന്നു. കേന്ദ്ര കായിക യുവജനക്ഷേമ മന്ത്രാലയത്തിന്റെ

ധനസഹായത്തോടുകൂടി ഉയർന്ന നിലവാരത്തിലുള്ള 400 മീറ്റർ സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള 25.7 കോടി രൂപയുടെ പ്രോജക്ട് സർവ്വകലാശാല തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 20 കോടി രൂപ പവലിയനും, 5.7 കോടി രൂപ ഫ്ലെഡ് ലൈറ്റിനും ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. സർക്കാരിന് ലഭിച്ച പ്രസ്തുത റിപ്പോർട്ട് പ്രത്യേകം പരിശോധിക്കുന്നതാണ്.